ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു സാധാരണയായിട്ടു സ്വീകരിക്കും. ലോക്കൽ അഡ്വൈസറി ബോർഡിന്റെ റെക്കമെന്റേഷൻസ് ബ്ലാക്കാഫീസറന്മാർ പരിഗണിക്കും. സെൻട്രൽ അഡ്വൈസറി ബോർഡിന്റെ സുപാർശകളും ഗവണ്മെന്റു പരിഗണിക്കുന്നുണ്ട്.

ശ്രീ. കെ. എ. ശിവരാമഭാരതി: അഡ്വൈസറി ബോർഡിന്റെ സുപാർശകളല്ല പാവ്തൃകാരുടെ സുപാർശകളാണ ഗവണ്മെന്റു പരിഗണിക്കുന്നതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു സംബന്ധിച്ചുള്ള അന്വേഷണങ്ങളും നടത്തുന്നതിനു പാവ്തൃകാരന്മാരെ നിയോഗിക്കും.

ശ്രീ. കെ. എ. ശിവരാമഭാരതി: അവർ അന്വേഷണങ്ങളും നടത്തുകയല്ല അഡ്വൈസു കൊടുക്കുകയാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പാവ്തൃകാരന്മാർ അങ്ങനെ അഡ്വൈസു കൊടുക്കാറില്ല. അതിനധികാരവുമില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: പാവ്തൃകാരന്മാരുടെ അഡ്വൈസു കേൾക്കുന്നതായി വളരെയധികം പരാതികളും ഗവണ്മെന്റിനു കിട്ടീട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കിട്ടീട്ടില്ല.

പകുത്തക്കച്ചേരികളിലെ സ്റ്റേഷനറിയും ഫർണിച്ചറും.

* 130. [11] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്കു ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകുതിക്കച്ചേരികളിൽ വേണ്ടത്ര ഫർണിച്ചറും സ്റ്റേഷനറിയും സപ്ലൈ ചെയ്യുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) പുതിയ ഫർണിച്ചർ വില്ലേജാഫീസുകളിൽ കൊടുക്കാൻ വേണ്ട നടപടി നടത്തുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) പരാതി ഉണ്ടായിട്ടില്ല.

(ബി) ചില വില്ലേജുകളിൽ കൊടുത്തുകഴിഞ്ഞു. മറ്റുള്ള സ്ഥലങ്ങളിൽ കൊടുക്കുവാൻ വേണ്ട നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: എന്നുമുതൽക്കാണ് നടപടി നടത്തിക്കൊണ്ടിരിക്കുന്നതു?

ശ്രീ. എ. ജെ. ജാൻ: അടുത്ത കൊല്ലത്തേയ്ക്കുവേണ്ടി നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: പകുതിക്കച്ചേരികളിലെ സാധനങ്ങളും എല്ലാം വളരെ നാളായി പഴക്കം ചെന്നിട്ടുള്ളതാണെന്നറിയാമോ?

ശ്രീ. എ. ജെ. ജാൻ: അതു കച്ചേരികളുടെ സ്ഥിതിഗതികൾ പോലെയായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഈ പകുതിക്കച്ചേരികളിൽ സൂക്ഷിക്കുന്ന തണ്ടപ്പേരും മറവും ഏതാണ്ട് ഒരു നാല്പതുകൊല്ലം മുമ്പു് അന്നത്തെ കടലാസ്സിൽ അച്ചടിച്ചു വച്ചിട്ടുള്ളതാണെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : തണ്ടപ്പേരും മറവും അങ്ങനെ മാറ്റാൻ കഴിയുകയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : അതു പുതിയതായി പകർത്താൻ സാധിക്കുകയില്ലേ ?

ശ്രീ. എ. ജെ. ജാൺ : ആവശ്യമുള്ള സ്ഥലങ്ങളിൽ അതു ചെയ്തു കൊണ്ടിരിക്കുകയാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഇന്നു പകുതിക്കച്ചേരികളിൽ പ്ലാനുകളും മറവും നശിപ്പിച്ചു കഴിഞ്ഞിരിക്കുന്നുവെന്നു കായ്യം ഒന്നു ഗൗരവമായി എടുക്കാൻ ഭയമുണ്ടാകുമോ ?

ശ്രീ. എ. ജെ. ജാൺ : മിക്കവാറും അങ്ങനെ നശിപ്പിച്ചിട്ടില്ല. അതേപ്പറ്റി കാര്യമായി ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

പൌരസ്ത്യഭാഷാ ബി. എ. ക്കാർ.

* 131. [12] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തേഡ് പാർട്ടിൽ നിന്നു എക്സംപ്ഷനും, ബി. എ. ഓണേഴ്സുകാക്കും, ബി. എസ്സ്സി (മദ്രാസ്) കാക്കും ആൻസർ ചെയ്യേണ്ട ഫസ്റ്റും പാർട്ടിന്റെ പേപ്പറും, ബി. എ., ബി. എസ്സ്സി-ക്കാക്കുള്ള സെക്കൻഡ് പാർട്ടിന്റെ പേപ്പറും ആൻസർചെയ്തു ജയിച്ചവരുമായ ഒരുകൂട്ടം പൌരസ്ത്യഭാഷാ ബി. എ. ക്കാർ ഇന്നു എഡ്യുക്കേഷൻ ഡിപ്പാർട്ടുമെൻറിൽ ജോലി നോക്കുന്നവരായുണ്ടോ ;

(ബി) സർവകലാശാല അവർക്കു ബി. എ. ഡിഗ്രി നൽകിയെങ്കിലും അവരെ ഡിപ്പാർട്ടുമെൻറിൽ ബി. എ. ക്കാരായി കണക്കാക്കി ശമ്പളവും തസ്തികയും നൽകാതിരിക്കുന്നതിനു കാരണമെന്താണു് ;

(സി) ബി. എ. ഡിഗ്രി കിട്ടുന്നതിനു മുൻപുതന്നെ പണ്ഡിറ്റ്സാകാൻ യോഗ്യതയുള്ള ഇവരെ ബി. എ. പാസ്സായതിനുശേഷവും പണ്ഡിറ്റ്സായി മാത്രമേ നിയമിക്കൂ എന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്.

(ബി) ഡിപ്പാർട്ടുമെൻറിലും അവരെ ബി. എ. ക്കാരായി തന്നെ കണക്കാക്കുകയും 50 – 150 ക. സ്കെയിലിൽ ഭാഷാദ്ധ്യാപകന്മാരായി നിയമിക്കുകയും ചെയ്യുന്നുണ്ടു്.

(സി) നിലവിലുള്ള ചട്ടം ഇതിനുമാത്രമേ അനുവദിക്കുന്നുള്ളൂ.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : ബി. എ–യ്ക്കു പഠിക്കാനുള്ള അവകാശം ഏതു പൌരസ്ത്യഭാഷാ യോഗ്യതയ്ക്കാണു് ?

LIBRARY ARCHIVES Kerala Legislative Assembly